# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. *102

07.06.2018-ന് മറുപടിയ്ക്ക്

## പൊതുവിദ്യാഭ്യാസ സംരക്ഷണം

**ചോദ്യം**

ശ്രീ.ആർ. രാജേഷ്
„ ഇ.പി.ജയരാജൻ
പ്രൊഫ.കെ.യു. അരുണൻ
ശ്രീ.പി.ടി.എ. റഹീം

**മറുപടി**

പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) സർക്കാർ സ്കൂളുകളെ ദുർബ്ബലപ്പെടുത്തി സ്വകാര്യ വിദ്യാലയങ്ങളെ പ്രോത്സാഹിപ്പിച്ചതായി പറയപ്പെടുന്ന വലതുപക്ഷ വിദ്യാഭ്യാസ നയങ്ങൾക്കെതിരെ മതനിരപേക്ഷ പൊതു വിദ്യാഭ്യാസ സംരക്ഷണത്തിനായി പ്രാവർത്തികമാക്കുന്ന മിഷന്റെ പുരോഗതി അറിയിക്കാമോ;

(എ) നവകേരള കർമ്മ പദ്ധതിയുടെ ഭാഗമായി പൊതുവിദ്യാഭ്യാസ രംഗത്തെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ലക്ഷ്യം. സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, വിദ്യാഭ്യാസ ഗുണനിലവാരം ഉയർത്തുന്നതിനുള്ള പദ്ധതികൾ ഏകോപിപ്പിക്കുക, വിദ്യാഭ്യാസത്തിൽ സമൂഹ പങ്കാളിത്തം ഉറപ്പുവരുത്തുക തുടങ്ങിയ പ്രവർത്തനങ്ങൾ ഇതിന്റെ ഭാഗമായി നടപ്പിലാക്കി വരുന്നു. അക്കാദമിക മികവിനായി എല്ലാ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർപ്ലാൻ ഉണ്ടാക്കുകയും ആയത് പ്രായോഗികമാക്കാനുള്ള ആക്ഷൻപ്ലാൻ എല്ലാ വിദ്യാലയങ്ങളും തയ്യാറാക്കിയും വരുന്നു. ഭൗതിക സാഹചര്യ വികസനത്തിനായുള്ള ഒന്നാംഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

| | |
|---|---|
| (ബി) സർവശിക്ഷാ അഭിയാൻ, രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ, അദ്ധ്യാപക പരിശീലന പരിപാടി എന്നിവ സംയോജിപ്പിച്ചുകൊണ്ട് കേന്ദ്ര സർക്കാർ ആരംഭിച്ച സമഗ്ര ശിക്ഷാ അഭിയാന്റെ ലക്ഷ്യങ്ങൾ അറിയിക്കാമോ; | (ബി) സമഗ്രശിക്ഷാഅഭിയാന്റെ പ്രധാന ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br>1. കുട്ടികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുക.<br>2. വിദ്യാർത്ഥികൾ പഠനനേട്ടം ആർജിക്കുക.<br>3. സ്കൂൾ വിദ്യാഭ്യാസം ആൺ പെൺ വ്യത്യാസം ഇല്ലാതെയും എല്ലാ കുട്ടികൾക്കും ലഭ്യമാക്കുക.<br>4. തുല്യത ഉറപ്പാക്കുക.<br>5. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുക.<br>6. സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം കുട്ടികൾക്ക് ഉറപ്പുവരുത്തുക.<br>7. SCERT, DIET ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ തുടങ്ങിയ സ്ഥാപനങ്ങളെ പരമാവധി ഉന്നതനിലവാരത്തിൽ എത്തിക്കുക. അധ്യാപക പരിശീലനത്തിന് DIET-നെ നോഡൽ ഏജൻസിയായി ഉയർത്തുക. |
| (സി) സമഗ്ര ശിക്ഷാ അഭിയാനിൽ സംസ്ഥാനം എത്ര രൂപയുടെ പദ്ധതിയാണ് സമർപ്പിച്ചിരുന്നത്; അനുവദിച്ച തുകയെത്രയാണ്; | (സി) 1941 കോടി രൂപയുടെ പദ്ധതിയാണ് സംസ്ഥാന സർക്കാർ സമർപ്പിച്ചിരുന്നത്. ഇതിന്റെ പ്ലാൻ അപ്രൈസൽ നടപടികൾ പൂർത്തിയായി വരുന്നു. തുക അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് ലഭ്യമായിട്ടില്ല. |
| (ഡി) ജനസംഖ്യാനുപാതികമായി സംസ്ഥാനത്തിന് അർഹതപ്പെട്ടതിന്റെ മൂന്നിലൊന്ന് മാത്രം അനുവദിച്ച വിവേചനപരമായ നിലപാട് പൊതുവിദ്യാഭ്യാസ സംരക്ഷണ പദ്ധതികളെ പ്രതികൂലമായി ബാധിക്കാതിരിക്കാനായി കൈക്കൊള്ളാൻ ഉദ്ദേശിക്കുന്ന നടപടികൾ അറിയിക്കാമോ? | (ഡി) പൊതുവിദ്യാഭ്യാസ സംരക്ഷണ പദ്ധതികളെ പ്രതികൂലമായി ബാധിക്കാതിരിക്കാനായി സ്കൂളുകളെ സഹായിക്കുന്നതിനുള്ള കർമ്മ പരിപാടികൾ തയാറാക്കി വരുന്നു. വകുപ്പുകളുടെ ഏകോപനത്തിലൂടെയും ഏജൻസികളുടെ ആവർത്തനം ഒഴിവാക്കിയും അനുവദിക്കുന്ന തുക ഫലപ്രദമായി ചെലവഴിക്കുന്നതിന് ഉദ്ദേശിക്കുന്നു. |

Namitha
സെക്ഷൻ ഓഫീസർ